## ആടിനെയും പശുവിനെയും വളർത്താം; സംരംഭകരാകാം

അഞ്ചു പേർ സംഘം ചേർന്ന് നാലു വീതം ആടുകളെ (ആകെ 20) വളർത്തുന്ന ആട് ഗ്രാമം പദ്ധതിയും അഞ്ചു പേർ ചേർന്ന് രണ്ടു വീതം പശുക്കളെ (ആകെ 10) വളർത്തുന്ന ക്ഷീര സാഗരം പദ്ധതിയും കുടുംബശ്രീയുടെ ജനപ്രിയ പദ്ധതികളാണ്. ഇതു കൂടാതെ നിലവിൽ രണ്ടു വീതം കറവപ്പശുക്കളെ വളർത്തുന്ന അഞ്ചു പേരെ സംഘമാക്കി ഒരു ലക്ഷം രൂപ വീതം സംഘത്തിനു നൽകുന്ന സിഐജി (കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പ്) പദ്ധതിയും കുടുംബശ്രീയിലുണ്ട്. ഇത്തരം പദ്ധതികളിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് സിഡിഎസ് വഴി ജില്ലാ മിഷൻ കോർഡിനേറ്ററെ ബന്ധപ്പെടാം.

മൃഗസംരക്ഷണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങാനും അതുവഴി വരുമാനമുണ്ടാക്കുന്നതിനും പ്രചോദനം നൽകുന്നതിനൊപ്പം കൂടുതൽ വരുമാനം ലഭിക്കാൻ വേണ്ട മൂല്യവർദ്ധിത ഉൽപന്നങ്ങളുൽപാദിപ്പിക്കുന്ന സംരംഭങ്ങളിലേക്കു കുടുംബശ്രീ കടക്കുകയാണ്. 'ജെനോവ' എന്ന ബ്രാൻഡിൽ ഈ ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുകയും ചെയ്യുന്നു. ഇതിന്റെ സ്വീകാര്യത പഠിച്ച ശേഷം കൂടുതൽ സ്ഥലങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കും. ഇതു പോലെ തന്നെ പശുവളർത്തുന്ന കുടുംബശ്രീ അംഗങ്ങളിൽ നിന്നു പാൽ സംഭരിച്ച് 'മിൽക്കി ലാറ്റെ' എന്ന ബ്രാൻഡിൽ വിൽക്കുന്ന സംരംഭം തിരുവനന്തപുരം, തൃശൂർ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ പാലിൽ നിന്ന് പനീർ, തൈരു പോലുള്ള മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കി മിൽക്കി ലാറ്റെ എന്ന ബ്രാൻഡിൽ വിൽക്കുന്ന പ്രവർത്തനങ്ങൾ തിരുവനന്തപുരം, തൃശൂർ, കൊല്ലം ജില്ലകളിലും കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖല വഴി ഉപജീവന മാർഗം കണ്ടെത്താൻ താൽപര്യമുള്ളവരും മൂല്യവർധിത ഉൽപന്നങ്ങളുടെ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവരും ഈ അവസരം പരമാവധി ഉപയോഗിക്കണം.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

## അമൃതം ന്യൂട്രിമിക്സിന്റെ സ്വന്തം ഭാഗീരഥി

ആറു മാസം മുതൽ മൂന്നു വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് അങ്കണവാടികൾ വഴി കേരളസർക്കാർ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് എന്ന പൂരക പോഷകാഹാരത്തിന്റെ ഉൽപാദനത്തെക്കുറിച്ചു പറയുമ്പോൾ എപ്പോഴും പരാമർശിക്കപ്പെടുന്ന പേരാണ് പാലക്കാട് ജില്ലയിലെ കൊടുന്തിരപ്പുള്ളി സ്വദേശിനിയായ എം.വി.ഭാഗീരഥിയുടേത്. ഒരിക്കൽ സ്വന്തം ജില്ല വിട്ട് മറ്റൊരു ജില്ലയിലേക്കു പോകുന്നതിനെക്കുറിച്ച് ആലോചിക്കാൻ പോലും ധൈര്യപ്പെടാത്ത ഭാഗീരഥി ഇന്ന് ന്യൂഡൽഹിയിലെയും ഹൈദരാബാദിലെയും ബിഹാറിലെയുമെല്ലാം ക്ഷണിക്കപ്പെട്ട സദസ്സുകൾക്കു മുന്നിൽ ന്യൂട്രിമിക്സിനെക്കുറിച്ച് ആധികാരികമായി സംസാരിക്കുന്നു. ഐഎഎസ് ഉദ്യോഗസ്ഥർ മുതൽ മന്ത്രിമാർ വരെ ഭാഗീരഥിയുടെ വാക്കുകൾ സാകൂതം കേൾക്കുന്നു.

വനിതാ ശിശുക്ഷേമ വകുപ്പ് സംയോജിത ശിശു വികസനസേവന പദ്ധതിയുടെ ഭാഗമായി സാമൂഹികക്ഷേമ വകുപ്പിന്റെ സഹായത്തോടെ 242 കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് അമൃതം ന്യൂട്രിമിക്സ് തയാറാക്കുന്നത്. ഗോതമ്പ്, സോയ, കപ്പലണ്ടി, കടലപ്പരിപ്പ്, പഞ്ചസാര എന്നിവ ചേർത്തു തയാറാക്കുന്ന ഈ അമൃതം പൊടി ഉൽപാദിപ്പിക്കുന്ന പാലക്കാടു ജില്ലയിലുള്ള യൂണിറ്റുകളുടെ നേതൃത്വം വഹിക്കുന്നത് ഭാഗീരഥിയാണ്. ദരിദ്ര ചുറ്റുപാടുകളിൽ നിന്ന് എങ്ങനെയും കരകയറുകയെന്ന ദൃഢനിശ്ചയത്തിൽ കുടുംബശ്രീയും തുണയായതോടെയാണ് ഭാഗീരഥിയുടെ ജീവിതം വഴി മാറുന്നത്. ബിരുദാനന്തര ബിരുദം നേടിയിട്ടും ജോലിയൊന്നും നേടാൻ കഴിയാത്ത ഭാഗീരഥി അഗ്രഹാരങ്ങളിൽ നിന്നു സമാനമനസ്കരായ സ്ത്രീകളെ കണ്ടെത്തി അക്ഷയ എന്ന പേരിൽ 2004 ൽ അയൽക്കൂട്ടം രൂപീകരിച്ചു. അധികം വൈകാതെ രണ്ടു സൂക്ഷ്മ സംരംഭങ്ങളും അക്ഷയ അയൽക്കൂട്ടത്തിന്റേതായി ആരംഭിച്ചു, സാമ്പത്തിക പിന്തുണയുൾപ്പെടെ കുടുംബശ്രീയിൽ നിന്നു ലഭിക്കുകയും ചെയ്തു. അച്ചാറും മറ്റു പലഹാരങ്ങളും ഉണ്ടാക്കി വിൽക്കുന്ന ഒരു യൂണിറ്റും ഒരു തയ്യൽ യൂണിറ്റും.

> **2005 ൽ ന്യൂട്രിമിക്സ് ഉൽപാദന പദ്ധതിക്കു കുടുംബശ്രീ തുടക്കം കുറിച്ചതോടെ ഭാഗീരഥിയും അതിന്റെ ഭാഗമായി. ജീവിതത്തിലും ബിസിനസിലും പിന്നീട് വിജയക്കുതിപ്പ്.**



*ഭാഗീരഥി*

2005 ൽ ന്യൂട്രിമിക്സ് ഉൽപാദന പദ്ധതിക്കു കുടുംബശ്രീ തുടക്കം കുറിച്ചതോടെ ഭാഗീരഥിയും അതിന്റെ ഭാഗമായി. കാസർകോട് നടന്ന പരിശീലനത്തിൽ പങ്കെടുത്തു തിരികെയെത്തിയ ഭാഗീരഥി ജില്ലയിലെ 149 വനിതകൾക്കു ന്യൂട്രിമിക്സ് ഉൽപാദനത്തിൽ പരിശീലനം നൽകി. അമ്മു ഫുഡ്സ് എന്ന പേരിൽ ഭാഗീരഥിയും വി. വത്സല, വി. ഇന്ദിരാമണി, എം. ഖദീജ, എം. ഗിരിജ എന്നിവരും ഉൾപ്പെടുന്ന ന്യൂട്രിമിക്സ് ഉത്പാദന യൂണിറ്റും രൂപീകരിച്ചു. ജീവിതത്തിലും ബിസിനസിലും പിന്നീട് വിജയക്കുതിപ്പ്. ബിസിനസ് കൂടുതൽ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടു പോകുന്നതിനായി കൂടുതൽ പഠിക്കണമെന്ന തോന്നലുമുണ്ടായി. ഫലമോ ഹ്യൂമൻ റിസോഴ്സിൽ എംബിഎ, സോഷ്യൽ വെൽഫയർ അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദം, പിജിഡിസിഎ എന്നിവയും ഭാഗീരഥി സ്വന്തമാക്കി. ജില്ലയിലെ ന്യൂട്രിമിക്സ് യൂണിറ്റുകളുടെ കണക്കുകളെല്ലാം ഡിജിറ്റൽ സംവിധാനത്തിലേക്കു മാറ്റുന്നതിനായി ഒരു സോഫ്ട്‌വെയറും ഭാഗീരഥി സ്വപ്രയത്നത്താൽ ഒരുക്കിയെടുത്തു.

ഇന്ന് മാസം പത്തു ടണ്ണോളം ന്യൂട്രിമിക്സും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടിയുള്ള 12 ടൺ ആരോഗ്യ മിക്സും ഒപ്പം ന്യൂട്രിമിക്സ് ബിസ്കറ്റും പുട്ടുപൊടിയുമെല്ലാം അമ്മു ഫുഡ്സിൽ മാസം തോറും തയാറാക്കുന്നു. രണ്ടര കോടിയിലേറെ രൂപയാണ് യൂണിറ്റിന്റെ വാർഷിക ടേണോവർ. ഭാഗീരഥി ഉൾപ്പെടെയുള്ള യൂണിറ്റ് അംഗങ്ങളുടെ ജീവിത നിലവാരം ആകെ മാറി മറിഞ്ഞു. സ്വന്തമായി അമ്പാടിയെന്ന പേരിൽ വീടുമുണ്ടാക്കി. പിഎച്ച്ഡിക്ക് റജിസ്റ്റർ ചെയ്ത് ഡോക്ടറേറ്റ് പദവി നേടാനുള്ള കഠിന ശ്രമത്തിലുമാണ് ഇപ്പോൾ ഭാഗീരഥി.



## ഫോട്ടോഗ്രഫി മത്സരം

## നിങ്ങൾക്കും സമ്മാനം നേടാം!

കുടുംബശ്രീ ഒരു നേർചിത്രം ഫോട്ടോഗ്രഫി മത്സരത്തിന്റെ രണ്ടാം സീസണിൽ പങ്കെടുക്കാനേവർക്കും അവസരം. കുടുംബശ്രീയുടെ മികച്ച പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന ചിത്രങ്ങളാണു മത്സരത്തിൽ പങ്കെടുക്കുന്നവർ സമർപ്പിക്കേണ്ടത്. അവസാന തിയതി 2019 മാർച്ച് 15. ഫോട്ടോകൾ kudumbashreeprcontest@gmail.com എന്ന ഇ - മെയിൽ വിലാസത്തിലോ സിഡിയിലാക്കി വാട്ടർമാർക്ക് ചെയ്യാതെ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫിസ്, ട്രിഡ റീഹാബിലിറ്റേഷൻ ബിൽഡിങ്, മെഡിക്കൽ കോളജ്, തിരുവനന്തപുരം - 695011 എന്ന വിലാസത്തിലോ അയയ്ക്കാം. 'കുടുംബശ്രീ ഒരു നേർചിത്രം ഫോട്ടോഗ്രഫി മത്സരം' എന്ന് കവറിനു മുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ഏറ്റവും മികച്ച ചിത്രത്തിനു 20000 രൂപയാണ് സമ്മാനം. മികച്ച രണ്ടാമത്തെ ചിത്രത്തിന് 10000 രൂപയും മൂന്നാമത്തെ ചിത്രത്തിനു 5000 രൂപയും കൂടാതെ പത്തു പേർക്ക് 1000 രൂപ വീതം പ്രോത്സാഹന സമ്മാനമായി ലഭിക്കും. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ നോട്ടിഫിക്കേഷന്റെ പൂർണരൂപം www.kudumbashree.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.



## ഇനി വീട്ടിലും ന്യൂട്രിമിക്സ് ബിസ്കറ്റ് ഉണ്ടാക്കാം

**ആവശ്യമുള്ള സാധനങ്ങൾ:** 1. ഗോതമ്പു പൊടി ഒരു കപ്പ്, 2. റവ ഒരു കപ്പ്, 3. അമൃതം പൊടി (ന്യൂട്രിമിക്സ്) അരക്കപ്പ്, 4. നെയ്യ് അല്ലെങ്കിൽ വെണ്ണ മുക്കാൽ കപ്പ്, 5. ഐസിങ് ഷുഗർ മുക്കാൽ കപ്പ്, 6. പാൽ 250 മില്ലി ലീറ്റർ, 7. വാനില എസൻസ് കാൽ ടേബിൾ സ്പൂൺ, 8. ഉപ്പ് അര നുള്ള്

**തയാറാക്കുന്ന വിധം:** 1. ഒരു പാത്രത്തിൽ നെയ്യ് അല്ലെങ്കിൽ വെണ്ണ എടുക്കുക. ഇതിലേക്ക് ഐസിങ് ഷുഗർ ചേർത്ത് നന്നായി യോജിപ്പിക്കുക. ഇതിലേക്ക് ഒന്നു മുതൽ മൂന്നു വരെയുള്ള ചേരുവകളും വാനില എസൻസും പാലും ചേർത്ത് നന്നായി കുഴച്ചു യോജിപ്പിക്കുക, 2. പിന്നീട് ബിസ്കറ്റിന്റെ ആകൃതിയിൽ ചെറുതായി മുറിച്ചു വയ്ക്കുക, 3. മൈക്രോവേവ് അവ്ൻ അഞ്ചു മിനിറ്റ് നേരം 180 ഡിഗ്രിയിൽ ചൂടാക്കുക, 4. 20 മുതൽ 25 മിനിറ്റ് നേരം വരെ 225 ഡിഗ്രിയിൽ വച്ച് ബേക്ക് ചെയ്ത് ബിസ്കറ്റ് തയാറാക്കുക.